# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 318** **29-06-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ലോട്ടറിയിലൂടെ ചികിത്സാ സഹായം

| | ചോദ്യം<br><br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.വി. വിജയദാസ്<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | | മറുപടി<br><br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ലോട്ടറിയിലൂടെ എത്രതുക സമാഹരിച്ചെന്നും അതിൽ എത്ര തുക നിർധനരായ രോഗികൾക്ക് ചികിത്സാ സഹായമായി നൽകിയെന്നും അറിയിക്കാമോ; | (എ) | 2016 മാർച്ച് വരെ കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള വിറ്റുവരവിനത്തിൽ 4260.13 കോടി രൂപ സമാഹരിക്കുകയും അറ്റാദായമായി ഏകദേശം 852.98 കോടിരൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>814.06 കോടി രൂപ നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ബി) | ചികിത്സ നൽകിയ വകയിൽ വിവിധ ആശുപത്രികൾക്ക് എത്ര തുക കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്വകാര്യ ആശുപത്രികൾക്ക് 23.34 കോടി രൂപയും, സർക്കാർ ആശുപത്രികൾക്ക് 453.37 കോടി രൂപയും ഉൾപ്പെടെ ആകെ 476.71 കോടി രൂപയുടെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം ആശുപത്രികൾക്ക് കൊടുത്തു തീർക്കുവാൻ ഉള്ള കുടിശ്ശിക അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | കുടിശ്ശിക അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി നവീകരിക്കുന്നതിനോ പരിഷ്കരിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | കാരുണ്യ പദ്ധതി സർക്കാരിന്റെ മറ്റ് ചികിത്സാ സഹായ പദ്ധതികളുമായി സംയോജിപ്പിച്ച് വിപുലമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്പോൾ ഈ പദ്ധതിയുടെ പരിധിയിൽ വരാത്ത രോഗങ്ങളും ഉൾപ്പെടുത്തിയാകും നവീകരിക്കുക. അതുവരെ നിലവിലുള്ള പദ്ധതി തുടരുകയും ചെയ്യും. |

Jeyush

**സെക്ഷൻ ഓഫീസർ.**